**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 791** **06-02-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് സ്വന്തമായി കിടപ്പാടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരും സ്വന്തമായി വീടില്ലാത്തവരുമായ എത്ര ആദിവാസികൾ നിലവിലുണ്ട്; അവർക്ക് വീട് ലഭ്യമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ രേഖകൾ പ്രകാരം ഭൂരഹിതരും ഭവനരഹിതരുമായ 24561 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.<br><br>അർഹരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദിവാസി പുനരധിവാസ മിഷൻ നടപ്പിലാക്കുന്ന 'ലാന്റ് ബാങ്ക് പദ്ധതി' മുഖേന ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗക്കാർക്ക് പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിക്കുന്നുണ്ട്.<br><br>ലൈഫ് മിഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഒന്നാംഘട്ടത്തിൽ 18182 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച്കൊണ്ട് 17400 വീടുകൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ 3460 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അതിൽ 3055 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 569 ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ആയതിൽ 384 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, ശോച്യമായ വീടുകളിൽ താമസിക്കുന്ന 16070 പേരെ പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തി അഡീഷണൽ ലിസ്റ്റ് ആയി ലൈഫ് മിഷന് കൈമാറിയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 8071 പേരിൽ 2736 പേരുടെ വീടുകളും, ഭൂരഹിത ഭവനരഹിതരായി |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയ 251 പേരിൽ 62പേരുടെ വീട്ടുകളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആദിവാസികൾക്ക് സ്വന്തമായി കിടപ്പാടം എന്നത് യാഥാർത്ഥ്യമാക്കാനും ആയത് നശിപ്പിക്കാനോ മറ്റുള്ളവർക്ക് വില്ക്കുവാനോ, മറ്റുള്ളവർ കൈയ്യേറാനോ ഉള്ള സാധ്യതകൾ തടയുവാനുമായി എന്ത് നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വനാവകാശ നിയമ പ്രകാരം കൈവശരേഖകൾ നൽകിയും, ബഹു.സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം വിട്ടുകിട്ടിയ നിക്ഷിപ്ത വനഭൂമിയിൽ നിന്നും അനുവദിച്ചും, ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വിലയ്ക്കും വാങ്ങിയും പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗക്കാരുടെ കൈവശ ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ഭൂമി കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം (1989) പ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ